LIBRARY ARCHIVES Kerala Legislative Assembly

കുന്നംകുളം കരീച്ചാൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

191(497) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കരീച്ചാൽ കടവ് റെഗുലേറ്റർ-കം- ബ്രിഡ്ജ് നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത്തരം കാലതാമസം എന്തുകൊണ്ടാണുണ്ടായതെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കും കരാറുകാരനുമെതിരെ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

കരിച്ചാൽകടവ് ചെക്ക് ഡാം കം ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിച്ചത് 22-11-2018-നാണ്. ഈ പ്രവൃത്തി നടത്തുന്ന സ്ഥലം ഏറടി തോട് കോൾ മേഖലയിലായതിനാലും വെള്ളം നിറഞ്ഞ് നിൽക്കുന്നതിനാലും മാർച്ച് മാസം മുതൽ മേയ് മാസം വരെയാണ് പ്രവൃത്തി തുടരുന്നതിന് സാധിക്കുന്നത്. ആദ്യ സീസണിൽ (2019 മാർച്ച്, മേയ് മാസങ്ങളിൽ) തന്നെ പാലത്തിന്റെ പൈലുകളുടെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അടുത്ത സീസണിൽ (2020 മാർച്ച്, മേയ് മാസങ്ങളിൽ) പ്രവൃത്തി തുടങ്ങിയെങ്കിലും കോവിഡ്-19-ന്റെ ഭാഗമായി ലോക്ക്ഡൗൺ നിലവിൽ വന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ ലഭ്യതക്കുറവുമൂലം തുടർപണികൾ നടത്തുവാൻ സാധിക്കാതെ വന്നു. 2021 മാർച്ച് മാസം മുതൽ പാലത്തിന്റെ approach road-ന്റെ ഫൗണ്ടേഷന്റെ ഭാഗമായ പ്രീകാസ്റ്റ് പൈലുകളുടെ നിർമ്മാണം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായ ഷീറ്റ് പൈലുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ലോക്ക്ഡൗൺ നിലവിലുള്ളതിനാൽ ഷീറ്റ് പൈലുകൾ ഉറപ്പിക്കുന്നതിന് വേണ്ട യന്ത്രസാമഗ്രികൾ സൈറ്റിൽ എത്തിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. ഇക്കാരണങ്ങൾ കൊണ്ടാണ് പ്രവൃത്തി തുടരുന്നതിന് കാലതാമസം നേരിട്ടത്.

(സി) പദ്ധതി പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കാമോ?

മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഈ വരുന്ന സീസണിൽ തന്നെ തുടർ പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കാൻ ആകുമെന്ന് കരുതുന്നു.